മി. സ്പീക്കർ: (..... please ..... ബഹളം .....) ഇന്ന് 11.00 മണിക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ യോഗം ചേരുന്നതാണ്. അവിടെ കക്ഷിനേതാക്കളുമായി ഒന്നുകൂടി ചർച്ച ചെയ്തതിനുശേഷം സഭ വീണ്ടും ചേരാം.

(ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം കഴിഞ്ഞ് സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 10.55-ന് നിർത്തിവച്ചു.)

(രാവിലെ 10.55-ന് നിർത്തിവച്ച സഭ ബഹുമാനപ്പെട്ട സ്പീക്കർ 11.35 A.M.] ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ വീണ്ടും രാവിലെ 11.35-ന് യോഗം ചേർന്നു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ ..... ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയോഗത്തിലും യോജിച്ച ഒരു തീരുമാനത്തിൽ എത്താൻ കഴിയാത്ത സാഹചര്യത്തിൽ സഭാ നടപടികളിൽ അടുത്ത ഐറ്റത്തിലേക്ക് കടക്കുകയാണ്. Motion for extension of time ..... ബഹളം ..... ബഹളം .....

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അടിയന്തിരപ്രമേയം ചർച്ച ചെയ്തിട്ട് മതി ..... ബഹളം .....

V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലിന്റേയും 2004-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ബില്ലിന്റേയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2004 ഡിസംബർ 1-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

VI. റിപ്പോർട്ട് സമർപ്പണം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (*ശ്രീ. കെ. എം. മാണി*): സർ, 2004-ലെ കേരള ഭൂപരിഷ്ക്കരണ (രണ്ടാം ഭേദഗതി) ബില്ലിന്റേയും 2004-ലെ കേരള ഒഴിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly